

# വികാരിയിൽ നിന്ന് ...

31-05-2018

## ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൻ പ്രിയ ദൈവജനമെ,

സഭയെ സംബന്ധിച്ച് ജൂലൈ മാസം സുപ്രധാനമാണ്. ഒന്നാമത്തെ ആഴ്ച ക്രിസ്തീയ കാര്യവിചാരകത്വം: ദശാംശ സമർപ്പണം എന്ന വിഷയത്തെ സംബന്ധിച്ചാണ് ചിന്തിക്കുന്നത്. എല്ലാം ദൈവത്തിന്റെ വകയും, ദൈവീകദാനവും ആണ് എന്ന തിരിച്ചറിവിൽ നിന്നാണ് നമ്മുടെ ഉത്തരവാദിത്വം ആരംഭിക്കുന്നത്. നാം ഉടമസ്ഥരല്ല കാര്യവിചാരകർ മാത്രമാണ്. പ്രാപ്തിപോലെയും പ്രാപ്തിക്ക് മീതെയും നല്കിയ മക്കദോന്യ സഭകളുടെ മാതൃക കൊരിന്ത്യ ലേഖനത്തിൽ പൌലോസ് ചൂണ്ടികാണിക്കുന്നു സന്തോഷത്തോടെ, സ്വമേധയ, ത്യാഗപൂർവം നല്കുമ്പോഴാണ് നമ്മുടെ ദാനം ദൈവം സ്വീകരിക്കുന്നത്. ലഭിച്ചതനുസരിച്ച് തിരികെ നല്കാൻ നാം കടപ്പെട്ടിരിക്കുന്നു. എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന് നിങ്ങൾ ദശാംശം മുഴുവൻ ഭണ്ഡാരത്തിലേക്ക് കൊണ്ടുവരുവിൻ. **(മലാഖി:3:10)** രണ്ടാമത്തെ ആഴ്ച പട്ടത്വ ശുശ്രൂഷ വിളിയും നിയോഗവും എന്നതാണ് ധ്യാനവിഷയം. ദൈവജനത്തിന് ഇടയ ശുശ്രൂഷ ചെയ്യുവാൻ വിളിച്ചു വേർതിരിക്കപ്പെട്ട വൈദികരെ ഓർത്ത് പ്രാർത്ഥിക്കുകയും എല്ലാവിധമായ കൈത്താങ്ങലും, കരുതലും സ്നേഹവും പിൻതുണയും നല്കേണ്ടത് നമ്മുടെ കടമയാണ്. മൂന്നാമത്തെ ആഴ്ച ദൈവജനം ഭൂമിയുടെ ഉപ്പും വെളിച്ചവും എന്നതാണ് വിഷയം. ക്രിസ്തീയ ജീവിതം ഉപ്പിന്റേയും വെളിച്ചത്തിന്റേയും സദൃശ്യത്തിലൂടെ യേശു വരച്ചു കാട്ടുന്നു. ഉപ്പിനേപ്പോലെ സ്വാദും, ആസ്വദ്യതയും, നൈർമ്മല്യവും, മറ്റുള്ളവരെ സംരക്ഷിക്കുവാനുള്ള സന്നദ്ധതയും നമുക്ക് ഉണ്ടാവണം. ജീവന്റെ വെളിച്ചമുള്ളവരായി ക്രിസ്തു എന്ന ലക്ഷ്യത്തിലേക്ക് പാത കാണിച്ചു കൊടുത്തു ജ്വലിച്ചു പ്രകാശിക്കുവാൻ നമ്മെ ഏൽപ്പിച്ചു കൊടുക്കാം . നാലാം ആഴ്ചയിലെ ധ്യാന വിഷയം വിശുദ്ധമായ ജീവിതത്തിലേയ്ക്കുള്ള ദൈവീക ക്ഷണം എന്നതാണ് . ദൈവം വിശുദ്ധനായിരിക്കുന്നതുപെലെ നാമും വിശുദ്ധരായിരിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവസാനത്തെ ആഴ്ച ദൈവശാസ്ത്ര അഭ്യസനത്തെ സംബന്ധിച്ചുള്ളതാണ്. വചനം കൂടുതൽ പഠിക്കുവാൻ, ഗ്രഹിക്കുവാൻ, ധ്യാനിക്കുവാൻ, മനനം ചെയ്യുവാൻ കുറെക്കൂടി സമയം വേർത്തിരിക്കേണ്ടതാണ്. കാലഘട്ടത്തിനുസൃതമായ ആത്മീയ പക്വത ഉള്ളവരായിരിപ്പാൻ നമുക്ക് പരിശ്രമിക്കാം.

രൂപാന്തരം നമുക്ക് ഇന്ന് ആവശ്യമായിരിക്കുന്നു. എവിടെ നിന്നും ആണ് തുടങ്ങേണ്ടത്? ഉള്ളിൽ നിന്നാണ് തുടങ്ങേണ്ടത്. സുവിശേഷത്തിന്റെ ദിവ്യവെളിച്ചം ഒരു നിലവായി നമ്മുടെ ഉള്ളിലേക്ക് പെയ്തിറങ്ങും അപ്പോൾ മാത്രമേ ഇരുട്ടു അകലുകയുള്ളു. സുവിശേഷം എന്ന പദം ഉച്ചരിച്ചു നടക്കുന്നതു കൊണ്ട് മാത്രം ഒന്നും നിസ്തുല്യം ആകുകയില്ല. ഭക്തി എന്നത് പ്രകടനശേഷിയും അഭിനയമികവുമായി മാറുന്ന കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഭക്തി എന്നത് ചിന്തയിലൂടെയും, വാക്കിലൂടെയും, പ്രവർത്തിലൂടെയും പ്രകാശിതമാകേണ്ട ജീവിത ശൈലിയാണ്. വലിയ കസേരയിൽ ഇരിക്കുന്നതുകൊണ്ട് മാത്രം ഇരിക്കുന്നവൻ വലിയവനാകുകയില്ല. എവിടെ ഇരിക്കുന്നു എന്നതല്ല എങ്ങനെ പ്രവർത്തിക്കുന്നു എന്നതാണ് പ്രസക്തമായ കാര്യം. ഇരിക്കുവന്റെ മൂല്യം കൊണ്ടു ഇരിക്കുന്ന കസേരക്ക് വിലയുണ്ടാകുന്നതിനെയാണ് സാക്ഷ്യം എന്നു പറയുന്നത്. സുവിശേഷാനുസൃതമായ ജീവിതം ക്രിസ്തുവിനോടൊപ്പമുള്ള ജീവിതമാണ് **അപ്പോ:4:13** ഇങ്ങനെ വായിക്കുന്നു. അവർ പത്രോസിന്റെയും, യോഹന്നാന്റെയും ധൈര്യം കാൺകയാലും ഇവർ പഠിപ്പില്ലാത്തവരും സാമന്യരുമായ മനുഷ്യർ എന്ന് ഗ്രഹിക്കയാലും അശ്ചര്യപ്പെട്ടു; അവർ യേശുവിനോടു കൂടെ ആയിരുന്നവർ എന്നും അറിഞ്ഞു. പത്രോസും, യോഹന്നാനും പഠിപ്പില്ലാത്തവരാണ്, സാധരണക്കാരാണ് എന്നാൽ അവർ സമൂഹത്തിന്റേയും, സഭയുടെയും മുമ്പിൽ സഞ്ചരിക്കുന്ന അത്ഭുതങ്ങളായിരുന്നു കാരണം അവർ യേശുവിനോടു കൂടെ ആയിരുന്നവരും, പരിശുദ്ധാത്മാവിൽ ഉയർത്തെഴുന്നേറ്റ കർത്താവിനോട് ചേർന്ന് പ്രവർത്തിക്കുന്നരും ആയിരുന്നു. ഇതായിരിക്കണം നമ്മുടെ ലക്ഷ്യം.

സുവിശേഷാനുസൃതമായ ജീവിതം നയിക്കണമെങ്കിൽ ദൈവത്തോടു ചേർന്ന് പ്രവർത്തിക്കുന്നവരിൽ വചനം ഹൃദയത്തിലുണ്ടായിരിക്കണം. വചനം ഹൃദയത്തിലുള്ളവനു വചനം കാലിനു ദീപവും, പാതയ്ക്ക് പ്രകാശവുമായിരിക്കും. നമ്മുടെ ജീവിത വഴികളിൽ ചതിക്കുഴികൾ പലതുണ്ടാകാം. വചനത്തിന്റെ വെളിച്ചത്തിൽ മാത്രമേ ഇത്തരം അപകടങ്ങളെ തിരിച്ചറിഞ്ഞ് മറികടന്ന് പോകുവാൻ കഴിയുകയുള്ളു. മനുഷ്യ ഹൃദയങ്ങളിൽ വചനത്തിന്റെ വിത്തു വിതയ്ക്കുവാൻ സഭയ്ക്കു കഴിയണം. നന്മതിന്മകളെ തിരിച്ചറിയുന്നതിനുള്ള വിവേകം ഇപ്രകാരം മാത്രമേ നമുക്ക് സിദ്ധിക്കയുള്ളു. വചനത്തിൽ വേരൂന്നി ഉയരത്തിൽ വളർന്ന് നല്ല ഫലം കായ്ക്കുവാൻ, നിലനില്ക്കുന്ന ഫലം കായ്ക്കുവാൻ, അധികം ഫലം കായ്ക്കുവാൻ നമുക്ക് കഴിയണം.

ആദിമ നൂറ്റാണ്ടിൽ ശിഷ്യന്മാർ പരിശുദ്ധന്മാവിലൂടെ കർത്താവിന്റെ സജീവ സാന്നിധ്യം അനുഭവിച്ചറിയുകയും അത് അവരിൽ പുതിയ ചൈതന്യവും, ഉണവ്വും, ഊർജ്ജവും പ്രാപിപ്പാൻ കാരണം ആയിതീരുകയും ചെയ്തു. തുടർന്ന് പത്രോസിലും മറ്റും പ്രകടമായ മാറ്റം ലോകം ദർശിക്കുന്നു. എടുത്തു ചാട്ടക്കാരനും, ഭീരുവും, പിന്മാറ്റക്കാരനും ആയുരുന്ന പത്രോസ് ധീരനും, ശക്തനും ആത്മനിറവുള്ളവനുമായി മാറുന്ന കാഴ്ച അപ്പോസ്തല പ്രവർത്തികളിൽ വിവരിച്ചിട്ടുണ്ട്. അങ്ങനെ അപ്പോസ്തലന്മാരൽ ഏറിയ അടയാളങ്ങളും, അത്ഭുതങ്ങളും നടന്നു. **(അ:പ്ര:2:43)** ആത്മ നിറവിൽ ലോകത്തെ കീഴ്മേൽ മറിക്കുവാൻ ത്രാണിയുള്ളവരായി അപ്പോസ്തലന്മാർ കരുത്താർജ്ജിക്കുന്നു. ക്രിസ്തുവിന്റെ കൈയ്യൊപ്പുള്ള അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യാൻ ശിഷ്യൻന്മാക്ക് കഴിഞ്ഞു എന്നതാണ് ഏറ്റവും മഹത്തായ കാര്യം.പുനരുജ്ജീവനത്തിന്റെയും അതിജീവനത്തിന്റെയും ശക്തമായ നേർക്കാഴ്ചകളാണ് നാം ഇവിടെ ദർശിക്കുന്നത്. യശയ്യാ പ്രവാചകൻ പറയുന്നു അവൻ ക്ഷീണിച്ചിരിക്കുന്നവന് ശക്തി നല്കുന്നു. ബലമില്ലാത്തവന് ബലം വർദ്ധിപ്പിക്കുന്നു. ബാല്യക്കാർ ക്ഷീണിച്ചു തളർന്നു പോകും, യൗവനക്കാരും ഇടറിവീഴും എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ പോലെ ചിറകടിച്ച് കയറും . അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും. **(യെശയ്യാവ്.40-29-31)** പരിശുദ്ധാന്മാവിന്റെ ശക്തിയാൽ ഊർജ്ജസ്വലരായി ജ്വലിച്ചു പ്രകാശിപ്പാൻ നമുക്കും കഴിയണം. അതിനെ നമ്മെത്തന്നെ ദൈവകരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കാം. ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ

എന്ന്, നിങ്ങളുടെ ഇടവക വികാരി.


**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com